പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## ഇരുപത്തൊന്നാമത് റിപ്പോർട്ട്

(2021 ജനുവരി 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ (2016-19) മൂന്നാമത് റിപ്പോർട്ടിലെ (കോവളം-വിഴിഞ്ഞം ഏരിയാ ഡെവലപ്മെന്റ് സ്കീം (കരട്) സംബന്ധിച്ച്) ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച്]**

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന | ... |
| ആമുഖം | ... |
| അദ്ധ്യായം I : റിപ്പോർട്ട് | ... |
| അദ്ധ്യായം II : സമിതിയുടെ ശിപാർശയും, അതിന്മേൽ സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടും | ... |

പരിസ്ഥിതി സംബന്ധിച്ച സമിതി
(2019-2021)

**ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. മുല്ലക്കര രത്നാകരൻ

അംഗങ്ങൾ:

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹിം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ് *

ശ്രീ. എം. വിൻസെന്റ്

നിയമസഭാ സെക്രട്ടേറിയറ്റ്

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി ഷബാന അഞ്ജും, ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേഷ് കുമാർ ജി.എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. അനിൽകുമാർ ബി., അണ്ടർ സെക്രട്ടറി

* 18.01.2021-ന് അന്തരിച്ചു

# ആമുഖം

സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റി പഠിക്കുകയും അവയ്ക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് 1992 ജൂലൈ 27-ന് പരിസ്ഥിതി സംബന്ധിച്ച സമിതി രൂപീകരിക്കപ്പെട്ടത്.. സമിതിയിൽ ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഒൻപതിൽ കൂടാത്ത അംഗങ്ങളാണ് ഉള്ളത്. സംസ്ഥാനത്തിന്റെ പാരിസ്ഥിതിക, മാലിന്യപ്രശ്നങ്ങളുടെ കാര്യത്തിൽ വളരെ പ്രതീക്ഷയോടെയാണ് പൊതു സമൂഹം സമിതിയെ സമീപിക്കുന്നത്.

വിവിധ തരത്തിലുള്ള മലിനീകരണം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ സമിതിയിൽ നിക്ഷിപ്തമായ ചുമതലകളുടെ പരിധിയിൽ വരുന്നപക്ഷം അവ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട സർക്കാരിലേക്ക് നടപടി റിപ്പോർട്ടിനായി അയയ്ക്കുകയും ചെയ്യുന്നു. പത്രവാർത്തയിലൂടെയും മറ്റ് മാർഗ്ഗങ്ങളിലൂടെയും ശ്രദ്ധയിൽപ്പെടുന്നതും സമിതിയുടെ അധികാര പരിധിയിൽപ്പെടുന്നതുമായ വിഷയങ്ങളും സമിതി പഠനവിധേയമാക്കുന്നു . നിവേദനങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ സമിതി പരിശോധിക്കുകയും പ്രസ്തുത റിപ്പോർട്ട് പരാതി പരിഹരിക്കാൻ ഉതകുന്നതാണെങ്കിൽ ആ വിവരം സമിതിയെ അറിയിക്കണമെന്ന നിർദ്ദേശത്തോടെ ഹർജിക്കാരന് സർക്കാർ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം അയച്ചുകൊടുക്കുകയും ചെയ്യുന്നു.

മലിനീകരണം സംബന്ധിച്ച പരാതി ലഭിച്ചാൽ അത്തരം വ്യവസായ സ്ഥാപനങ്ങളും ഫാക്ടറികളും സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തുന്നതിനും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വിവരങ്ങൾ ശേഖരിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും സമിതി അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. ഏതെങ്കിലും പ്രത്യേക പാരിസ്ഥിതിക പ്രശ്നം സംബന്ധിച്ച് ബഹു. സ്പീക്കറുടെ മുൻകൂട്ടിയുള്ള അനുമതിയോടെ സമിതിക്ക് പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കാവുന്നതാണ്. റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിന് ശേഷം റിപ്പോർട്ടിന്റെ പകർപ്പുകൾ സർക്കാരിലേക്ക് അയച്ച് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സമിതി തുടർനടപടി റിപ്പോർട്ട് ലഭ്യമാക്കുന്നു. ആയവ സമിതിയോഗം പരിശോധിച്ച് ആക്ഷൻടേക്കൺ റിപ്പോർട്ടുകളായി സഭയിൽ സമർപ്പിക്കുന്നു.

1992-ലെ ആദ്യ സമിതി 1993 ഫെബ്രുവരി 2-ാം തീയതി റിപ്പോർട്ട് സഭയിൽ അവതരിപ്പിച്ചതോടെയാണ് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് സമർപ്പണം ആരംഭിക്കുന്നത്. 1992 മുതൽ 2020 വരെയുള്ള കാലയളവിൽ 18 സമിതികൾ ആകെ 118 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ട്. അവയിൽ പകുതിയോളം ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളും 4

എണ്ണം ജനറൽ റിപ്പോർട്ടുകളും ബാക്കിയുള്ളവ സ്പെഷ്യൽ റിപ്പോർട്ടുകളുമാണ്. റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കുന്ന നടപടികൾക്ക് അനുസരിച്ചാണ് റിപ്പോർട്ടിന്റെയും റിപ്പോർട്ടിന് ആസ്പദമായി സമർപ്പിക്കപ്പെട്ട നിവേദനത്തിന്റെയും ഫലപ്രാപ്തി നിർണ്ണയിക്കപ്പെടുന്നത്.

കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ്സ്കീമിന്റെ കരട് സംബന്ധിച്ച് സമിതിയുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളുമടങ്ങുന്ന റിപ്പോർട്ട് (സമിതി(2016-2019)യുടെ മൂന്നാമത് റിപ്പോർട്ട്) 2017 മേയ് 22-ന് ചേർന്ന സമിതിയോഗം അംഗീകരിച്ച് മേയ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശയിൻമേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ടാണിത്.

2021 ജനുവരി മാസം 20-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2021 ജനുവരി 20

മുല്ലക്കര രത്നാകരൻ
അദ്ധ്യക്ഷൻ
പരിസ്ഥിതി സംബന്ധിച്ച സമിതി

# റിപ്പോർട്ട്

## അദ്ധ്യായം I

പരിസ്ഥിതി സംബന്ധിച്ച സമിതി (1998-2000)യുടെ 16-ാമത് റിപ്പോർട്ടിലെ 2-ാം നമ്പർ ശിപാർശയിൽ കോവളം-വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീം പുതുക്കുമ്പോൾ കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ ശിപാർശ കൂടി കണക്കിലെടുക്കണമെന്ന സമിതി നിർദ്ദേശപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ ആസൂത്രണ പദ്ധതിയുടെ കരട് 05.01.2017-ൽ സമിതി പരിഗണിക്കുകയുണ്ടായി. സ്കീമിന്റെ കരട് സംബന്ധിച്ച് സമിതിയുടെ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളുമടങ്ങുന്ന റിപ്പോർട്ട് [സമിതി(2016-2019)യുടെ മൂന്നാമത് റിപ്പോർട്ട്] 2017 മേയ് 22-ന് കൂടിയ സമിതിയോഗം അംഗീകരിച്ച് മേയ് 24-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി.

2. സമിതിയുടെ ശിപാർശയിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനുവേണ്ടി പ്രസ്തുത റിപ്പോർട്ടിന്റെ അച്ചടിച്ച കോപ്പി 07.09.2017-ന് തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പിന് അയച്ചുകൊടുത്തു. 09.04.2019-ൽ തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട് 11.07.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. റിപ്പോർട്ടിലെ ശിപാർശയും അതിന്മേൽ സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികയും ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

# അദ്ധ്യായം II

## സമിതിയുടെ ശിപാർശയും അതിന്മേൽ സർക്കാർ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി റിപ്പോർട്ടും

### ശിപാർശ

സമിതിയുടെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ കരട് സ്കീമിൽ ആവശ്യമായ ഭേദഗതി വരുത്തി നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്

(09.04.2019 തീയതിയിലെ സർക്കാർ കത്ത് നമ്പർ

627989/ആർ.ഡി.2/2016/ത.സ്വ.ഭ.വ)

കോവളം - വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീമിന്റെ പുതുക്കിയ കരട് റിപ്പോർട്ടിൽ ടൂറിസത്തെക്കുറിച്ചല്ലാതെ വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രാമുഖ്യം കൊടുത്തിട്ടില്ല എന്നും വിഴിഞ്ഞം തുറമുഖം പ്രവർത്തനമാരംഭിക്കുമ്പോൾ കോവളം പ്രദേശത്തിനുണ്ടാകാവുന്ന വികസനവും മാറ്റവും സമഗ്രമായി പരിശോധിച്ച് അക്കാര്യം സ്കീമിൽ ഉൾപ്പെടുത്താനായിട്ടില്ല എന്നും വിഴിഞ്ഞം തുറമുഖം നിലവിൽ വരുമ്പോഴുണ്ടാകുന്ന വർദ്ധിച്ച ജനസാന്ദ്രത, കുടിവെള്ള വിതരണം, മാലിന്യ നിർമ്മാർജ്ജനം, പാർക്കിംഗ് എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന്റെ ആവശ്യം പരിഗണിക്കുമ്പോൾ സ്കീമിലെ ഭൂവിനിയോഗക്രമം യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്നില്ല എന്നതാണ് കോവളം - വിഴിഞ്ഞം ഏരിയ ഡെവലപ്മെന്റ് സ്കീം സംബന്ധിച്ച് പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പ്രധാന നിരീക്ഷണങ്ങൾ. ഗ്രീൻ ഡെവലപ്മെന്റ് എന്നത് യാഥാർത്ഥ്യമാക്കുന്നതിനു ശാസ്ത്രീയമായ ആസൂത്രണം ആവശ്യമാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

നിലവിലുള്ള കേരള നഗര-ഗ്രാമാസൂത്രണ നിയമം, 2016 പ്രകാരം കോവളം-വിഴിഞ്ഞം ഏരിയാ ഡെവലപ്മെന്റ് സ്കീം എന്നത് ഒരു മാസ്റ്റർ പ്ലാനായാണ് കണക്കാക്കുന്നത്. കരട് കോവളം-വിഴിഞ്ഞം മാസ്റ്റർപ്ലാനിൽ വരുത്തേണ്ട നിർദ്ദേശങ്ങളാണ് പരിസ്ഥിതി സംബന്ധിച്ച സമിതി നൽകിയിരിക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ പരിധിയ്ക്കുള്ളിലാണ് അംഗീകൃത കോവളം വിഴിഞ്ഞം മാസ്റ്റർ പ്ലാൻ പ്രദേശം ഉൾപ്പെടുന്നത്. അമൃത് പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തിന് മുഴുവനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി പുരോഗമിക്കുകയാണ്. ഈ മാസ്റ്റർ പ്ലാൻ പ്രാബല്യത്തിൽ വന്നാൽ അംഗീകൃത കോവളം വിഴിഞ്ഞം മാസ്റ്റർ പ്ലാൻ റദ്ദാക്കിയതായി കണക്കാക്കപ്പെടും. തിരുവനന്തപുരം മാസ്റ്റർ പ്ലാനിന് അനുമതി ലഭിക്കുമ്പോൾ, കോവളം വിഴിഞ്ഞം ഏരിയയിൽ തിരുവനന്തപുരം മാസ്റ്റർ പ്ലാൻ ആയിരിക്കും പ്രാബല്യത്തിൽ വരുന്നത് എന്നതിനാൽ തിരുവനന്തപുരം മാസ്റ്റർ പ്ലാൻ തയ്യാറാക്കുമ്പോൾ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ടിലെ കാര്യങ്ങൾ പരിഗണിക്കാവുന്നതാണ്.

കൂടാതെ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം ഉൾപ്പെടുന്ന പ്രദേശത്തിനും തുറമുഖത്തിന്റെ സ്വാധീന പ്രദേശമായി കണക്കാക്കുന്ന തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തിനു പുറത്തു വരുന്ന 19 പഞ്ചായത്തുകൾ ഉൾപ്പെടുന്ന ഏരിയാക്കും വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനിൽ പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ റിപ്പോർട്ട് പരിഗണിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

( സർക്കാരിന്റെ മറുപടി 11.07.2019-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

മുല്ലക്കര രത്നാകരൻ,
അദ്ധ്യക്ഷൻ,
പരിസ്ഥിതി സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2021 ജനുവരി 20.